**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 804** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ മോഡേൺ വില്ലേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ വട്ടവടയിൽ മോഡേൺ വില്ലേജ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് വച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. വട്ടവട മോഡൽ വില്ലേജ് പദ്ധതിയുടെ ഭാഗമായി പ്രസ്തുത പഞ്ചായത്തിലെ 108 കുടുംബങ്ങൾക്ക് വീട് അനുവദിച്ച നൽകുന്നതിനായി ഇടുക്കി ജില്ലാ കളക്ടർക്ക് തുക അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്കാണ് വീട് അനുവദിച്ചതെന്ന് അറിയിക്കാമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. വട്ടവട മോഡൽ വില്ലേജ് പദ്ധതിയുടെ ഭാഗമായി പ്രസ്തുത പഞ്ചായത്തിലെ 108 കുടുംബങ്ങൾക്ക് വീട് അനുവദിച്ച നൽകുന്നതിനായി ഇടുക്കി ജില്ലാ കളക്ടർക്ക് തുക അനുവദിച്ച നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചതെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വിശദമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയ്ക്കായി 3,24,00,000/- രൂപ അനുവദിച്ചു. ഇതിൽ 1,00,00,000/- (ഒരു കോടി രൂപ മാത്രം) രൂപ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജീസിന് 19/09/2018-ൽ നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന സ്ഥലവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള തർക്കം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച അവ്യക്തതയാണ് പദ്ധതി നിർവ്വഹണത്തിന് തടസ്സമായിട്ടുള്ളത്. വട്ടവട മോഡൽ വില്ലേജുമായി ബന്ധപ്പെട്ട നടക്കുന്ന നിർമ്മാണ പ്രവർത്തനം നിർത്തി വയ്ക്കുന്നതിന് വട്ടവട വില്ലേജ് ഓഫീസർ സ്റ്റോപ്പ് മെമ്മോ നൽകുകയും ആയത് പ്രകാരം നിലവിൽ നിർമ്മാണ പ്രവൃത്തി നിർത്തി വച്ചിട്ടുള്ളതുമാണെന്ന് വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ